LIBRARY ARCHIVES Kerala Legislative Assembly

**ഉത്തരം**

(എ) ഉണ്ട്. അരിവാൾ രോഗം ബാധിച്ച 581 പേരെ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. മുഡുകർ, കുറുമ്പർ, പണിയർ, കാട്ടുനായ്ക്കർ, കുറുമർ എന്നീ വിഭാഗങ്ങളിലുള്ളവരിലാണ് ടി രോഗം വ്യാപകമായി കണ്ടുവരുന്നത്.

(ബി) 'അരിവാൾ രോഗം' ഒരു ജനിതക രോഗമായി കണക്കാക്കപ്പെടുന്നു. സ്ക്രീനിംഗ്, ബോധവൽക്കരണം, ചികിൽസ എന്നീ പ്രവർത്തനങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ആരോഗ്യ വകുപ്പുമായി സഹകരിച്ച് പ്രവർത്തിക്കുന്നു. തിരിച്ചറിയപ്പെട്ട 581 അരിവാൾ രോഗികൾക്ക് പോഷകാഹാരം കഴിക്കുന്നതിനായി പ്രതിമാസം 1,000 രൂപ വീതം നൽകിവരുന്നു.

(സി) പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, ആരോഗ്യ പ്രവർത്തകർ എന്നിവർ മുഖേന പട്ടികവർഗ്ഗക്കാർക്കിടയിൽ വ്യാപകമായ പ്രചരണം നൽകിവരുന്നു. ആരോഗ്യവകുപ്പുമായി സഹകരിച്ച് ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. സിക്കിൾസെൽ അനീമിയ രോഗത്തെക്കുറിച്ചുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ എൻ.ആർ.എച്ച്.എം.-ന്റെ ഒരു പ്രത്യേക പദ്ധതിയായി ഉൾപ്പെടുത്തി ആരോഗ്യവകുപ്പ്, പ്രധാനമായും പാലക്കാട്, വയനാട്, മലപ്പുറം എന്നീ ജില്ലകളിൽ നടപ്പിലാക്കിവരുന്നു.

(ഡി) കോഴിക്കോട് മെഡിക്കൽ കോളേജ്, 'അരിവാൾ രോഗം' സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് ആരോഗ്യ വകുപ്പ് പ്രത്യേക പദ്ധതി നടപ്പിലാക്കിവരുന്നത്.

**ഐ.റ്റി.ഡി.പി. ഓഫീസിൽ ലഭ്യമായ ഭൂമിക്കുള്ള അപേക്ഷ**

233 (6684) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾ ഭൂമിക്കായി നൽകിയ എത്ര അപേക്ഷകൾ ഐ.ടി.ഡി.പി. ഓഫീസുകളിൽ നിലവിലുണ്ടെന്ന് ഓഫീസ് തിരിച്ച് കണക്ക് വെളിപ്പെടുത്താമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ ഇത്തരം അപേക്ഷകളിൽ എത്രയെണ്ണത്തിൽ തീർപ്പുകൽപ്പിച്ച് ഭൂമി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) നിലമ്പൂർ പെരുവമ്പാടം കോളനിയിൽനിന്നുള്ള അപേക്ഷകൾ ഭൂമാഫിയ ഏജന്റുമാർവഴി സ്വീകരിച്ച് ഭൂമി വിതരണം ചെയ്യുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിനായി ഐ.റ്റി.ഡി.പി. ഓഫീസുകളിൽ ലഭിച്ച അപേക്ഷകളുടെ ഓഫീസ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1. | പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി. നെടുമങ്ങാട് | ഇല്ല |
| 2. | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, പുനലൂർ | 128 |
| 3. | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, റാന്നി | 17 |
| 4. | പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി., കാഞ്ഞിരപ്പള്ളി | 58 |
| 5. | പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി., ഇടുക്കി | 21 |
| 6. | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, മൂവാറ്റുപുഴ | 27 |
| 7. | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ചാലക്കുടി | 23 |
| 8. | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, പാലക്കാട്. | 15 |
| 9. | പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി. അട്ടപ്പാടി | 22 |
| 10. | പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി., നിലമ്പൂർ | 456 |
| 11. | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, കോഴിക്കോട് | 10 |
| 12. | പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി., കൽപ്പറ്റ | 408 |
| 13. | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, സുൽത്താൻ ബത്തേരി | 327 |
| 14. | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, മാനന്തവാടി | 300 |
| 15. | പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി., കണ്ണൂർ | ഇല്ല |
| 16. | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, കാസറഗോഡ് | 4 |

(ബി) ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ ഇത്തരം അപേക്ഷകളിൽ 72 എണ്ണത്തിൽ തീർപ്പുകൽപ്പിച്ച് ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.

(സി) ഇത്തരത്തിലുള്ള ആക്ഷേപം 28-6-2014-ന് ദൃശ്യമാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി ആക്ഷേപം അടിസ്ഥാനരഹിതമാണെന്ന് നിലമ്പൂർ ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് മലപ്പുറം ജില്ലാ കളക്ടർക്കും, ജില്ലാ പോലീസ് സൂപ്രണ്ടിനും നിർദ്ദേശം നൽകിയിട്ടുണ്ട്.